## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്-8353/17 തീയതി- 22.06.2017

**സർക്കുലർ നമ്പർ 17 /2017-18**

വിഷയം- പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാർക്ക് ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന- 1) 20.01.2016 തീയതിയിലെ ജി.ഒ. (പി) 07/2016/ഫിൻ നമ്പർ ഉത്തരവ്

2) 18.04.2017 തീയതിയിലെ സ.ഉ. (എം.എസ്.) നം. 27/2017/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.

3) 22.04.2017 തീയതിയിലെ എഫ്-23918/16 നമ്പർ കത്ത്.

4) 22.04.2017 തീയതിയിലെ സർക്കുലർ നമ്പർ 2/2017-18

5) 22.06.2017 തീയതിയിലെ ഉത്തരവ് നമ്പർ എഫ്-8353/17

മേൽ സൂചന (1) പ്രകാരമുള്ള പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിന്റെ ആസ്ഥാന ഓഫീസിലേയും ജില്ലാ കമ്മിറ്റികളിലേയും ഉപകാര്യാലയങ്ങളിലേയും സ്ഥിരം ഫുൾ ടൈം/പാർട്ട് ടൈം ജീവനക്കാർക്ക് സൂചന (2) ഉത്തരവ് അനുസരിച്ച് നടപ്പാക്കിയിട്ടുള്ളതാണ്.

പുതുക്കിയ നിരക്ക് പ്രകാരമുള്ള ശമ്പളവും മറ്റ് അലവൻസുകളും ഫെബ്രുവരി 2016 ലെ ശമ്പളം മുതൽ പണമായി നൽകിയിട്ടുള്ളതാണ്. 01.07.2014 മുതൽ 31.1.2016 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി 01.04.2017, 01.10.2017, 01.04.2018, 01.10.2018 എന്നീ തീയതികളിൽ പ്രൊവിഡന്റ് ഫണ്ടിന്റെ നിരക്കിന് അനുസൃതമായ പലിശ സഹിതം പണമായി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിൽ 01.04.2017 ൽ നൽകേണ്ട ശമ്പള കുടിശ്ശിക 09.04.2017 ലെ ജി.ഒ(പി) 45/2017/ഫിൻ നമ്പരായുള്ള ഉത്തരവ് പ്രകാരം 8.7% പലിശയോടുകൂടി ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01.04.2017 ൽ നൽകേണ്ട ആദ്യ ഗഡു ശമ്പള കുടിശ്ശിക സി.പി.എഫിൽ നിക്ഷേപിക്കേണ്ടതും പിന്നീട്

പിൻ വലിക്കാവുന്നതാണ്. സൂചന (3) പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ എല്ലാ ജില്ലാ കമ്മിറ്റികളും ഉപകാര്യാലയങ്ങളും ശമ്പള പരിഷ്കരണ കുടിശ്ശിക തങ്ങളുടെ തനതു ഫണ്ടിൽ നിന്നു നൽകാൻ കഴിയും എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01.07.2014 മുതൽ 31.01.2016 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി മേൽ തീയതികളിൽ ബോർഡിലെ പത്താം ശമ്പള പരിഷ്കരണം ബാധകമാക്കിയിട്ടുള്ള ജീവനക്കാർക്ക് നൽകുന്നതിന് സൂചന (5) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ യഥാവിധി ബോർഡിലെ ജീവനക്കാർക്കും ബാധകമാകുന്നതാണ്.

മേൽ തുക വിതരണം ചെയ്യുമ്പോൾ ടി.ബി.പി.എഫ് ബാധ്യതയിൽ നിന്നും ചിലവഴിക്കാൻ പാടില്ലാത്തതും കൂടാതെ അതാത് ജില്ലകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾക്കായി അനുവദിച്ച റേഷ്യോയിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാകമ്മിറ്റി ചെയർമാൻമാർ മുഖേന ഉപകാര്യാലയങ്ങൾ/
കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്

ഫിനാൻസ് ഓഫീസർ/സെക്രട്ടറി
കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (പി&എ), (ഡബ്ല്യു&ഇ)
ജൂനിയർ സൂപ്രണ്ട് (ക്യാഷ് വിഭാഗം)
ബിൽ/സ്റ്റോക്ക്/ഓഫീസ് കോപ്പി

// ഉത്തരവിൻ പ്രകാരം //

Jayagopalresh

ജൂനിയർ സൂപ്രണ്ട്